പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3370

08.11.2019 – ൽ
മറുപടിയ്ക്ക്

# നെന്മാറ മണ്ഡലത്തിൽ കാർഷിക കോളേജ്

| ചോദ്യം<br>ശ്രീ.കെ. ബാബു | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) നെന്മാറ നിയോജക മണ്ഡലത്തിൽ കാർഷിക കോളേജ് ആരംഭിക്കുന്നതിനുള്ള പ്രാഥമികപഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;<br>ബി) കാർഷിക മേഖലയ്ക്ക് ഏറെ പ്രാധാന്യമുള്ള നെന്മാറ മണ്ഡലത്തിൽ കാർഷിക കോളേജ് ആരംഭിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കേണ്ടതെന്ന് വിശദമാക്കുമോ? | (എ) യും (ബി) യും<br>നെന്മാറ നിയോജക മണ്ഡലത്തിൽ ആരംഭിക്കാനുദ്ദേശിക്കുന്ന കാർഷിക കോളേജിനാവശ്യമായ സ്ഥലത്തിന്റെ വിസ്തൃതി, സ്പെസിഫിക്കേഷൻ തുടങ്ങിയ വിവരങ്ങൾ തയ്യാറാക്കി നൽകുവാനായി സർവ്വകലാശാല പ്രൊഫസർ ഡോ.ഗിരിജയെ ചുമതലപ്പെടുത്തുകയും അവർ പ്രസ്തുത സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുമുണ്ട്. 25.06.2019-ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ സർവ്വകലാശാല രജിസ്ട്രാറും കൃഷി വകുപ്പ് ഡയറക്ടറുമായി ചേർന്ന യോഗത്തിൽ കൊല്ലങ്കോട് എഡ്യുക്കേഷൻ & ചാരിറ്റബിൾ ട്രസ്റ്റിന്റെ കീഴിലുള്ള വസ്തു ഏറ്റെടുക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി Requisition Form-2 ലഭ്യമാക്കാൻ രജിസ്ട്രാറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിർദ്ദിഷ്ട കാർഷിക കോളേജിന് ആവശ്യമായ ഭൂമി സ്വന്തമായി ആർജ്ജിക്കുന്നത് വരെ മുതലമട സീഡ് ഫാമിന്റെ പ്രവർത്തനത്തെ ബാധിക്കാത്ത തരത്തിൽ വിദ്യാർത്ഥികളുടെ പഠന പ്രവർത്തനത്തിന് മുതലമട ഫാം ഉപയോഗിക്കുന്നത് സംബന്ധിച്ച് കൃഷി വകുപ്പും കാർഷിക സർവ്വകലാശാലയും കക്ഷികളായി ധാരണാപത്രം തയ്യാറാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം കോളേജിനാവശ്യമായ ഭൂമി കണ്ടെത്തുക, സാമ്പത്തിക ലഭ്യത തുടങ്ങിയ കാര്യങ്ങളിൽ വ്യക്തത വരുത്തുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ